# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2294 08.12.2015-ൽ മറുപടിക്ക്

## സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.യു. കുരുവിള : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സർവ്വീസ് സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനും അവയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കമ്പ്യൂട്ടറൈസ്ഡ് സംവിധാനങ്ങളും സർപ്രൈസ് ഇൻസ്പെക്ഷനും നടത്തുന്നതിന് നടപടി ഉണ്ടാകുമോ; | (എ) സർവ്വീസ് സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും പ്രവർത്തനം വിലയിരുത്തുന്നതിനും സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനും ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ എന്നീ ഉദ്യോഗസ്ഥർ സംഘത്തിൽ പരിശോധനകൾ നടത്താറുണ്ട്. മേൽ ഉദ്യോഗസ്ഥർ പ്രതിമാസം 3 മിന്നൽ പരിശോധനയും 2 വിശദപരിശോധനയും സംഘങ്ങളിൽ നടത്തേണ്ടതുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശം നിലവിലുണ്ട്. കൂടാതെ ഓരോ വർഷവും ആഡിറ്റർമാർ കണക്കുകൾ പരിശോധിക്കുകയും ചെയ്തുവരുന്നുണ്ട്. സർവ്വീസ് സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും സാമ്പത്തിക ഇടപാടുകൾ യഥാസമയം വിലയിരുത്തുന്നതിനും അതുവഴി |

സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനുമായി സംഘങ്ങളെ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളിലൂടെ കൂടുതൽ കാർഷിക വായ്പകൾ നല്കുന്നതിനും ഗുണഭോക്താക്കളുടെ വർദ്ധനവ് വിലയിരുത്തുന്നതിനും പ്രത്യേക നടപടി ഉണ്ടാകുമോ?

(ബി) ആവശ്യമായ വിലയിരുത്തലുകൾ നടത്താറുണ്ട്.

**സെക്ഷൻ ഓഫീസർ**